**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*92** **04.12.2014 - ൽ മറുപടിക്ക്**

## ദേശീയപാത വികസനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ ഉദുമ**<br>**,, കോടിയേരി ബാലകൃഷ്ണൻ**<br>**,, എ.കെ.ബാലൻ**<br>**,, കെ. ദാസൻ** | **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്തെ ദേശീയപാത വികസനത്തിലുണ്ടായ അനിശ്ചിതത്വം മാറിയിട്ടുണ്ടോ; | (എ) ദേശീയപാതാ അതോറിറ്റിയുടെ മാർഗ്ഗരേഖ പ്രകാരം ദേശീയ പാതയുടെ വീതി (ROW) 60 മീറ്റർ ആണ്. എന്നാൽ കേരളത്തിലെ ജനസാന്ദ്രതയും സ്ഥലമേറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടും പരിഗണിച്ച് ദേശീയ പാതയുടെ വീതി ദേശീയ നിലവാരത്തിലുള്ള 60 മീറ്ററിൽ നിന്നും 45 മീറ്റർ ആയി നിജപ്പെടുത്തുന്നതിന് ദേശീയപാതാ വികസന അതോറിറ്റി 2010 ൽ സമ്മതിക്കുകയുണ്ടായി. എന്നാൽ ദേശീയ പാതാ 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ വികസിപ്പിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് എതിരെ ചില കേന്ദ്രങ്ങളിൽ നിന്നും ഉണ്ടായ എതിർപ്പ് കാരണം സ്ഥലമെടുപ്പ് പ്രക്രിയ പരാജയപ്പെട്ട സാഹചര്യത്തിൽ ദേശീയ പാതാ വികസനത്തിന് റൈറ്റ് ഓഫ് വേ 30 മീറ്ററായി ഇളവ് ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യ |

പ്പെട്ടുകയും ചെയ്തിരുന്നു. എന്നാൽ അപകട രഹിതവും സുഗമവുമായ യാത്രാ സൗകര്യം ലഭ്യമാക്കേണ്ട തിനാൽ റോഡ് വികസനത്തിൽ 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ ഇളവ് അനുവദിക്കുവാൻ സാധ്യ മല്ല എന്ന് കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. ഇതിനെ തുടർന്ന് 17.08.2010 ലെ സർവ്വ കക്ഷി യോഗത്തിന്റെ തീരുമാന പ്രകാരം ദേശീയപാത 45 മീറ്ററിൽ തന്നെ വികസിപ്പിക്കുവാൻ 18.08.2010 ൽ സംസ്ഥാന സർ ക്കാർ തീരുമാനിക്കുകയുണ്ടായി. എന്നാൽ സ്ഥലമെടുപ്പ് അനിശ്ചി തമായി നീണ്ടു പോകുന്ന സാഹചര്യത്തിൽ ദേശീയപാത 17-ലെ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ദേശീയപാത 47-ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെ യുമുള്ള ഭാഗത്തെ ദേശീയപാതാ വികസനത്തിൽ നിന്നും ദേശീയ പാതാ വികസന അതോറിറ്റി പിൻവാങ്ങുകയുണ്ടായി.

കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രി 04.07.2014 ൽ മുഖ്യമന്ത്രിയ്ക്കയച്ച കത്തിൽ വർദ്ധിച്ചു വരുന്ന വാഹന സാന്ദ്രത പരിഗണിച്ച് ദേശീയപാത വിക സനം ത്വരിതപ്പെടുത്തണമെന്നു ള്ളതിന് സംസ്ഥാന സർക്കാ രിന്റെ സഹകരണം ആവശ്യ പ്പെട്ടുകയും ദേശീയപാതാ വികസ നത്തിനു ആവശ്യമായ 80% ഭൂമി ഏറ്റെടുത്തു നൽകിയാൽ ദേശീയ

| | | | |
|---|---|---|---|
| | | | പാത അതോറിറ്റിയുടെ പിൻവാങ്ങൽ തീരുമാനം പുനപരിശോധിക്കാവുന്നതാണെന്നും അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ 23.10.2014 ലെ മന്ത്രിസഭയുടെ തീരുമാന പ്രകാരം 25.10.2014 ലെ സ.ഉ(കൈ).നം.94/2014/ പൊമവ ഉത്തരവു പ്രകാരം ദേശീയപാത 45 മീറ്റർ വീതിയിൽ തന്നെ വികസിപ്പിക്കുന്നതിനും ഇതിനാവശ്യമായ ഭൂമിയുടെ 80% ഏറ്റെടുത്ത് ദേശീയപാതാ അതോറിറ്റിയ്ക്ക് കൈമാറുന്നതിനും, ദേശീയ പാതാ വികസനത്തിൽ നിന്നും പിൻമാറിക്കൊണ്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 05.03.2014, 14.08.2014 എന്നീ തീയതികളിലെ, വിജ്ഞാപനങ്ങൾ റദ്ദ് ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. പ്രസ്തുത വിവരം 30.10.2014 ലെ കത്തു പ്രകാരം ബഹു.മുഖ്യമന്ത്രി ബഹു.കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്. |
| (ബി) | ദേശീയപാത എത്ര മീറ്റർ വീതിയിൽ വികസിപ്പിക്കാനാണ് അന്തിമമായി തീരുമാനിച്ചിട്ടുള്ളത്; | (ബി) | ദേശീയപാതകൾ 45 മീറ്റർ വീതിയിൽ വികസിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (സി) | ദേശീയപാത 47 ലും 17 ലു മായി റോഡ് വികസനത്തിന് എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതായി വരും; | (സി) | എൻ.എച്ച് 47 ലും 17 ലുമായി അവശേഷിക്കുന്ന 636.10 കി.മീ ദൂരം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് ദേശീയ പാതാ അതോറിറ്റിയുടെ കണക്കു പ്രകാരം ഏകദേശം 1329.15 ഹെക്ടർ (3284 |

ഏക്കർ) ഭൂമി ഏറ്റെടുക്കേണ്ട തായിട്ടുണ്ട് .

(ഡി) കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ നഷ്ടപരിഹാര തുക എങ്ങനെ സംബന്ധിച്ച് എന്ത് തീരുമാന മാണ് കൈക്കൊണ്ടിട്ടുള്ളത്; വിപണി വില നഷ്ടപരിഹാരമായി ലഭിക്കാതെ പ്രക്ഷോഭ രംഗത്തു ള്ളവർ പിന്മാറുമോ; ഇതിന് പ്രത്യേക പാക്കേജ് എന്തെങ്കിലും നടപ്പാക്കുന്നുണ്ടോ;

(ഡി) 1956-ലെ എൻ.എച്ച് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം CALA (കോംപീറ്റന്റ് അതോറിറ്റി ഫോർ ലാന്റ് അക്വിസിഷൻ) ആണ് നഷ്ട പരിഹാരം നിർണ്ണയിക്കുന്നത്. 25.10.2014 ലെ സ.ഉ(കൈ). നം.94/2014/പൊമവ പ്രകാരം ടി നഷ്ട പരിഹാരം നിശ്ചയിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ റീഹാ ബിലിറ്റേഷൻ ആന്റ് റീ സെറ്റിൽ മെന്റ് പാക്കേജിലെ (15.11.2011 ലെ സ.ഉ(കൈ)നം.419/11/റവ.) വ്യവ സ്ഥകൾ കൂടി പരിഗണിച്ച് പദ്ധതി ബാധിതർക്ക് മെച്ചപ്പെട്ട നഷ്ടപരിഹാരം ഉറപ്പ വരുത്തുന്ന രീതിയിൽ വില നിശ്ചയിക്കണ മെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) നാഷണൽ ഹൈവേ അതോറിറ്റി ഈ സംരംഭത്തിൽ നിന്നും പിന്മാറിയ സാഹചര്യത്തിൽ പാത വികസനത്തിന് എന്ത് തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) 25.10.2014 സ.ഉ(കൈ).നം.94/2014/പൊമവ ഉത്തരവു പ്രകാരം ദേശീയപാത 45 മീറ്റർ വീതിയിൽ തന്നെ വികസിപ്പിക്കുന്നതിനും ഇതി നാവശ്യമായ ഭൂമിയുടെ 80% ഏറ്റെടുത്ത് ദേശീയപാതാ അതോ-റിറ്റിയ്ക്ക് കൈമാറുന്നതിനും ദേശീയ പാതാ വികസനത്തിൽ നിന്നും പിൻമാറിക്കൊണ്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 05.03.2014, 14.08.2014 എന്നീ തീയതികളിലെ, വിജ്ഞാപന-ങ്ങൾ റദ്ദ് ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്ക-ന്നതിനും തീരുമാനിച്ചു. പ്രസ്തുത

| | | |
|---|---|---|
| | | വിവരം 30.10.2014 ലെ കത്ത് പ്രകാരം ബഹു.മുഖ്യമന്ത്രി ബഹു. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്. അലൈൻമെന്റ് സംബന്ധിച്ച തർക്കങ്ങൾ നിലനിൽക്കുന്ന പ്രദേശങ്ങളിലെ അലൈൻമെന്റ് പുനപരിശോധിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതതല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| (എഫ്) | സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക കേന്ദ്രത്തിൽ നിന്നും ലഭിക്കുമെന്ന പ്രതീക്ഷയുണ്ടോ; അധിക ബാദ്ധ്യത എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്? | (എഫ്) ഉണ്ട്. ദേശീയപാതാ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുമ്പോൾ ആയതിനുള്ള നഷ്ടപരിഹാരം പൂർണ്ണമായും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. |

Sabitha

സെക്ഷൻ ഓഫീസർ